Kerala Gazette No. 1 dated 7th January 1958.
PART III

NOTIFICATION

L. 1-14158/57. *18th December 1957.*

In exercise of the powers conferred under Section 102 of the Travancore-Cochin Panchayats Act (Act II of 1950) and the Rule 188 of the Panchayat Rules 1951, the Slaughter House bye-laws of the Randamada Panchayat are hereby approved and notified by the Director of Local Bodies, the same having been duly passed by the said Panchayat under Section 99 of the above said Act, after observing all the formalities contemplated under Rules 118, 186 and 187 of the Panchayat Rules, 1951.

Trivandrum.

THOMAS MANJOORAN,
Director of Local Bodies.

Bye-laws for the Control and Management of Slaughter houses of Randamada Panchayat.

1. പഞ്ചായത്തിനാൽ അനുവദിച്ചിട്ടുള്ള പബ്ലിക്കോ, പ്രൈവറ്റോ ആയ കശാപ്പുശാലകളിലല്ലാതെ പഞ്ചായത്തതിർത്തിക്കുള്ളിലുള്ള മറ്റേതെങ്കിലും സ്ഥലത്ത് എക്സിക്യൂട്ടീവ് അതോറിട്ടിയുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഏതെങ്കിലും മാടിനെയോ, പോത്ത്, ആട്, ചെമ്മരിയാട്, പന്നി ഇവയേയോ കൊല്ലുകയോ വെട്ടുകയോ ചെയ്യാൻ അനുവദിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

2. ഒരു പ്രത്യേകതരപ്പെരുന്നാൾ എന്ന നിലയിലോ അല്ലെങ്കിൽ ഉത്സവങ്ങൾ, ആഘോഷങ്ങൾ ഇവയോടനുബന്ധിച്ചോ എക്സിക്യൂട്ടീവ് അതോറിട്ടിക്ക് യുക്തമെന്നു തോന്നുന്ന രീതിയിൽ ക്ഷേത്രപരിസരങ്ങളൊഴിച്ച് മറ്റെല്ലാ സ്ഥലങ്ങളിലും മൃഗങ്ങളെ കൊല്ലുന്നതിനുള്ള അവകാശം അനുവദിക്കപ്പെടാവുന്നതാകുന്നു.

3. എക്സിക്യൂട്ടീവ് അതോറിട്ടിയിൽ നിന്നുള്ള ലൈസൻസു കൂടാതെ പഞ്ചായത്തിനകത്ത് ആരും മാട്, പോത്ത്, ആട്, പന്നി, ഇവയെ കൊന്ന് പൊതുജനങ്ങൾക്ക് വില്പന നടത്താൻ പാടില്ലാത്തതും അപ്രകാരം ചെയ്യാൻ അനുവദിക്കപ്പെട്ടുകൂടാത്തതുമാകുന്നു.

4. ഒരു ക്ഷേത്രത്തിലോ, ക്ഷേത്രപരിസരത്തിലോ ഒഴികെ മറ്റെല്ലാ സ്ഥലത്തും മതപരമായ ആഘോഷങ്ങൾക്കുവേണ്ടി ഏതെങ്കിലും ഒരു മൃഗത്തെ ലൈസൻസോ മറ്റു ഫീസുകളോ ഒന്നും കൂടാതെ കൊല്ലുന്നതിന് ഒരാൾക്കും അനുവാദം കൊടുക്കാൻ എക്സിക്യൂട്ടീവ് അതോറിട്ടിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

5. കശാപ്പുകാരുടെ ലൈസൻസ് ഫീസ് പ്രതിവർഷം ഒരു രൂപ ആയിരിക്കുന്നതാണ്.

6. കാള, പശു, പോത്ത് ഇവയ്ക്ക് ഓരോന്നിന് 8 അണ വീതവും (50 നയാപൈസ) ആട്, ചെമ്മരിയാട്, പന്നി ഇവയ്ക്കോരോന്നിനും 25 നയാപൈസ വീതവും പ്രവേശനഫീസ് കൊടുത്തതിനു ശേഷംമാത്രമേ ഏതെങ്കിലും കാള, പോത്ത്, പശു, പന്നി, ആട് ഇവയെ കശാപ്പുശാലയ്ക്കുള്ളിൽ കൊണ്ടുവരാൻ ഒരാളെ അനുവദിക്കയുള്ളൂ.

7. താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്തിൽ നിന്നും ഒരു കൊല്ലത്തിൽ കവിയാത്തതായുള്ള ഒരു കാലയളവിലേയ്ക്ക് ഒരു പബ്ലിക് കശാപ്പുശാലയെ ഏറ്റവും കൂടുതൽ വിളിക്കുന്ന ആളിന്റെ പേർക്ക് ലേലം വിളിച്ചുകൊടുക്കേണ്ടതാണ്. പാട്ടത്തുകയോ, ഫീസോ മുഴുവൻ കാലത്തേയ്ക്ക് ഒന്നായി മുമ്പേ കൊടുക്കേണ്ടതാണ്. മാസംപ്രതി കൊടുക്കുന്ന രീതിയിലാണെങ്കിൽ ഒരു മാസത്തെ തുക എപ്പോഴും മുൻകൂർ കൊടുത്തിരിക്ക

ണ്ടതാണ്. (..............) ഓരോ മാസത്തേയ്ക്കുമുള്ള പാട്ടത്തുക ആ മാസം 15-ാം തിയതിക്കു മുമ്പുതന്നെ പഞ്ചായത്താഫീസിൽ ഒടുക്കിയിരിക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തിയാൽ കണ്ട്രാക്ടറെ, ഡിപ്പോസിററ് തുകയും നഷ്ടമാകുന്നതും പബ്ലിക്ക് ലേലം മൂലമോ പ്രൈവററ് കണ്ട്രാക്ടറു മൂലമോ വീണ്ടും വില്പന നടത്തുന്നതുമൂലമുണ്ടാകുന്ന നഷ്ടത്തിനിടയിൽ ഉത്തരവാദിയാകുന്നതുമാകുന്നു. പാട്ടക്കാരിൽനിന്നും ഈടാക്കേണ്ട തുക മുഴുവൻ റെവന്യൂ റിക്കവറി ആക്ററിലെ വ്യവസ്ഥകളനുസരിച്ചു ഈടാക്കുന്നതാണ്.

8. നിശ്ചിതഫീസ് കശാപ്പുശാലയ്ക്കു കൺവശത്തുവച്ച് എക്സിക്യൂട്ടീവ് അതോറിട്ടിയിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയോ പാട്ടക്കാരന്റെയോ ടിയാനാൽ നിയുക്തനായ ആളിന്റെയോ പക്കൽ കൊടുത്തു രസീതു വാങ്ങേണ്ടതാണ്.

9. കശാപ്പുകാരും അവരുടെ ഏജന്റന്മാരും കാലാകാലങ്ങളിൽ എക്സിക്യൂട്ടീവ് അതോറിട്ടിയെ സമീപിച്ച് അവരുടെ പേര് രജിസ്റ്റർ ചെയ്തുകൊള്ളേണ്ടതാണ്.

10. മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനുള്ള ഓരോ അപേക്ഷകനും അപേക്ഷയോടൊന്നിച്ച് ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണരിൽനിന്നും ഒരു ഹെൽത്തു സർട്ടിഫിക്കേററുകൂടി എക്സിക്യൂട്ടീവ് അതോറിട്ടിയുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

11. നിർദ്ദിഷ്ടമായ വാർഷികഫീസ് കൊടുത്താൽ ലൈസൻസു ലഭിക്കുന്നതാണ്.

12. ഒരു പ്രൈവററ് കശാപ്പുശാല ഇടുന്നതിനു ലൈസൻസു ലഭിക്കുന്നതിനുള്ള അപേക്ഷ ഇതോടൊന്നിച്ചുള്ള ഫാറത്തിൽ തയ്യാറാക്കി അയയ്ക്കേണ്ടതാണ്. അപേക്ഷയോടൊന്നിച്ച് കശാപ്പുശാല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥലം ടി ആവശ്യത്തിലേയ്ക്കു അനുയോജ്യമായതെന്നു കാണിക്കുന്ന ഡിപ്പാർട്ടുമെന്റ പബ്ലിക്ക് ഹെൽത്തു ആഫീസറുടെ സർട്ടിഫിക്കേററും കശാപ്പു സ്ഥലം, തോലി ഉരിക്കുന്ന സ്ഥലം, ഇറച്ചി സൂക്ഷിക്കുന്ന സ്ഥലം ഇവയെ പ്രത്യേകം കാണിക്കുന്ന സ്ഥലത്തിന്റെ പ്ലാനും (ഡ്യൂപ്ലിക്കേററുസഹിതം) ഉണ്ടായിരിക്കേണ്ടതാണ്.

13. നിർദ്ദിഷ്ടമായ ഫീസ് കൊടുത്തതിനുശേഷം ലഭിക്കുന്ന ലൈസൻസിൽ ലൈസൻസുകാരന്റെ പേര് ഉണ്ടായിരിക്കേണ്ടതാണ്. ടി ലൈസൻസു കൈമാററം ചെയ്യാൻ പാടില്ലാത്തതാകുന്നു.

14. പബ്ലിക്കോ പ്രൈവററോ ആയ ഓരോ കശാപ്പുശാലയും തുറന്ന സ്ഥലത്തു ആയിരിക്കണം. അവ മനുഷ്യവാസമുള്ള സ്ഥലത്തുനിന്നോ കിണറു കുളം തുടങ്ങിയവയിൽനിന്നോ 300 അടിയിൽ കുറയാത്ത അകലത്തിൽ ആയിരിക്കേണ്ടതാണ്. കൂടാതെ പബ്ലിക്ക് റോഡിൽനിന്നും 100 അടിയിൽ കുറയാത്ത അകലത്തിലായിരിക്കണം.

16. പകൽ 6 മുതൽ 11 വരെയും 2 മുതൽ 6 വരെയും മാത്രമേ മൃഗങ്ങളെ കശാപ്പുചെയ്യാൻ അനുവദിക്കാവൂ.

16. പബ്ലിക്കോ പ്രൈവററോ ആയ ഏതെങ്കിലും കശാപ്പുശാലയിൽ വച്ച് ഇറച്ചി വിൽക്കാൻ അനുവദിക്കുന്നതല്ല. എന്നാൽ തോലിയും മററു ഭാഗങ്ങളും ടി സ്ഥലത്തുവച്ച് പകൽ 10 മണിമുതൽ 11 മണിവരെയും 2 മുതൽ 6 വരെയും വിൽക്കാവുന്നതാണ്.

ജനറൽ.

17. കശാപ്പുശാല നടത്തുന്ന ഏതൊരാളും എക്സിക്യൂട്ടീവ് അതോറിട്ടിയോ അദ്ദേഹത്താൽ നിയുക്തനായ ആളോ പുറപ്പെടുവിക്കുന്ന ആർഡറുകളും ബൈലാകളും ചട്ടങ്ങളും അനുസരിക്കേണ്ടതാണ്.

18. മേൽപറഞ്ഞ ബൈലാകളെ ലംഘിക്കുകയോ ലംഘിക്കാൻ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നതു് 15 (പതിനഞ്ചു) രൂപവരെയുള്ള പിഴശിക്ഷ അർഹിക്കുന്നതായിരിക്കും. കുററം തുടർന്നതായാൽ തുടരുന്ന ഓരോ ദിവസത്തേയ്ക്കും അഞ്ചു രൂപവരെ പിഴ ഈടാക്കാവുന്നതാണ്.

Form for Application for License.

1. Name and address of the owner of the premises.
2. Whether to open a new Staughter House or to continue the existing one.
3. Whether he is sole owner, lessee or tenant or
4. Whether jointly interested with any other person or persons and if so with whom.
5. Survey No., Boundaries, area, tha description of tha proposad site of the premises to be erected for use and occupation as Slaughter House.
6. Description of the premises to ba erected on such site.
   (a) Natura, position, form, superficial area and cubical contents of the several buildings therein comprised.
   (b) Extent of pavad area In such buildings and materials to be employed in the paving of such area.
   (c) Means of water supply, position, form, materials, mode of construction and capacity of the several cisterns or tanks or other receptaclas of water to ba constructad for permanent usa in or upon the premisas.
   (d) Moda of construction of internal surface of the walls of such buildings and materials to be employed in such construction.
   (e) Means of drainaga, position, size, matarials and moda of construction of tha severat drains.
   (f) Means of lighting and ventilation.
   (g) Maans of access for cattle from the nearest streat or public thoroughfare.
   (h) Number, position and dimenstons of tha several pounds, stalls, pens, or lairs, to be provided on the premises.
   (i) Number of animals for which accommodation will be provided in such pounds, stalls, pens or lairs, distinguishing (1) oxen, (2) buffalo and cows, (3) calves, (4) sheep and lamb.
   (j) The days of the week on which tt is to be hald.
   (k) Name of the place where the nearest existing Slaughtar House is held and the distance between the two.